**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1668** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>കെ.എസ്.ആർ.ടി.സി.യിലെ ഡ്രൈവർ കം കണ്ടക്ടർ തസ്തിക</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പ്രേമൻ

ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർ, കണ്ടക്ടർ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഈ ഒഴിവുകളിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** കെ.എസ്.ആർ.ടി.സി.യിലെ ബസ് - ജീവനക്കാരുടെ അനുപാതം ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. ആയതിനാൽ പ്രസ്തുത അനുപാതം കുറയ്ക്കുന്നതിനായി ജീവനക്കാരുടെ എണ്ണം ക്രമീകരിച്ചുവരുന്നു. ആയതിനാൽ നിലവിലുള്ള ഡ്രൈവർ, കണ്ടക്ടർ തസ്തികയിലെ ഒഴിവുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

**(ബി)** ചട്ടപ്രകാരം ഡബിൾ ഡ്യൂട്ടിക്ക് അടുത്ത ദിവസം ഡ്യൂട്ടി-ഓഫ് നൽകാതെ ദീർഘദൂര സർവ്വീസുകളിൽ ഡ്രൈവർമാരെ ഡ്യൂട്ടിക്ക് നിയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 1961-ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട്, 1962-ലെ ചട്ടങ്ങൾ ഇവയനുസരിച്ച് നിർദ്ദിഷ്ട ഡ്യൂട്ടികൾക്കായി നിയോഗിക്കുന്ന ജീവനക്കാർക്ക് 8 മുതൽ 9 മണിക്കൂർ വരെ നിയമപ്രകാരമുള്ള വിശ്രമം അനുവദിച്ച ശേഷം മാത്രം തുടർന്നുള്ള ഡ്യൂട്ടിയ്ക്ക് ഡ്രൈവർമാരെ നിയോഗിക്കുവാൻ പാടുള്ളൂവെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ദീർഘദൂര സർവീസുകളിൽ ഡ്രൈവർ കം കണ്ടക്ടർമാരെ നിലവിൽ നിയോഗിച്ച് വരുന്നുണ്ട്.

**(സി)** ദീർഘദൂര സർവ്വീസുകളിൽ ഡ്രൈവർ കം കണ്ടക്ടർമാരെ നിയോഗിക്കാൻ നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**